**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3487** **14-07-2022 - ൽ മറുപടിയ്ക്ക്**

**പ്രൈവറ്റ് രജിസ്ട്രേഷൻ വഴി കോഴ്സുകൾ നടത്തുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് കോഴ്സുകൾ നടത്തുന്നതിന് യുജിസി അനുമതി ലഭിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ; | (എ) | 12 യു.ജി.കോഴ്സുകൾക്കും 5 പി.ജി.കോഴ്സുകൾക്കും അംഗീകാരത്തിനായി യു.ജി.സി.ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഈ വർഷം തന്നെ യു.ജി.സി.യുടെ ഡിസ്റ്റൻസ് എജ്യൂക്കേഷൻ ബ്യൂറോയുടെ അനുമതിയോടെ കോഴ്സുകൾ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേരളത്തിലെ മറ്റു സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ഡിഗ്രി, പി.ജി. കോഴ്സുകൾ നടത്തുന്നത് തടഞ്ഞുകൊണ്ട് ഉത്തരവിറക്കുകയുണ്ടായോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ DEB യിൽ നിന്ന് 2022-23 അധ്യയനവർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം / പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ് എന്നും ഇത് സംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം / പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ല എന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്. |
| (സി) | കോവിഡും ലോക്ഡൗണും മൂലം വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമായിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് വീണ്ടും അവസരം നഷ്ടപ്പെടാൻ കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുന്നതോടെ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കുള്ള സാധ്യത വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (ഡി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ സർട്ടിഫിക്കറ്റുകൾ നേടി പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക്, സർട്ടിഫിക്കറ്റിന്റെ തലക്കെട്ടിൽ ഓപ്പൺ യൂണിവേഴ്സിറ്റി എന്ന് എഴുതിയിട്ടുള്ളതിനാൽ അവസരങ്ങൾ | (ഡി) | യു.ജി.സി.യുടെ അംഗീകാരത്തോടെയാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ സർട്ടിഫിക്കറ്റിന്റെ സാധുത സംബന്ധിച്ച് സംശയത്തിനിടമുണ്ടെന്ന് കരുതുന്നില്ല. |

| | | | |
|---|---|---|---|
| | നഷ്ടമാകുന്നതിനുള്ള സാധ്യത പരിശോധിക്കുകയുണ്ടായോ;ബഹു. ; | | |
| (ഇ) | പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ കേരളത്തിന്റെ തെക്ക ഭാഗത്തുള്ള ഒരു പ്രദേശത്ത് മാത്രമായി ചുരുങ്ങുന്നത് വടക്കൻ മേഖലയിൽ നിന്നുള്ളവരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് തിരിച്ചടിയാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സംസ്ഥാനം ഒട്ടാകെ അധികാരപരിധിയുള്ള ഒരു യൂണിവേഴ്സിറ്റി ആണ്. ആയതിനാൽ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ കോഴ്സുകൾ ആരംഭിക്കുമ്പോൾ മേഖലാവ്യത്യാസമില്ലാതെ യുവജനങ്ങളുടെ വിദ്യാഭ്യാസ സാധ്യതകൾ വർദ്ധിക്കും എന്നാണ് കരുതുന്നത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് വടക്കൻമേഖലയിലടക്കം പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനോടൊപ്പം മറ്റ് സർവ്വകലാശാലകളിൽ കൂടി പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസം വഴിയുള്ള കോഴ്സുകളും നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | ബഹു.കേരള നിയമസഭ പാസ്സാക്കിയ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ നിയമപ്രകാരം പ്രസ്തുത നിയമം നിലവിൽ വന്നു കഴിഞ്ഞാൽ മറ്റ് സർവ്വകലാശാലകൾക്ക് വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ